പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നംപർ 1296 20.03.2012 ലെ മറുപടിക്ക്

വാഴോറ മലയിലെ പട്ടികജാതി കോളനികളിലെ ശുദ്ധജലക്ഷാമം പരിഹരിക്കുവാൻ നടപടി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.പുരുഷൻ കടലുണ്ടി | | ശ്രീ. എ.പി.അനിൽ കുമാർ (പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| (എ) ബാലുശ്ശേരി അസംബ്ളി മണ്ഡലത്തിലെ പനങ്ങാട്, കോട്ടൂർ ഗ്രാമപഞ്ചായത്തുകളിൽ ഉൾപ്പെട്ട വാഴോറ മലയിലെ നാല് പട്ടികജാതി കോളനികൾക്ക് ശുദ്ധജല ലഭ്യത ഇല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട് . |
| (ബി) ഉണ്ടെങ്കിൽ ഇത് പരിഹരിക്കുന്നതിന് ഏതെങ്കിലും പദ്ധതികൾ പരിഗണനയിലുണ്ടോ? | (ബി) | പനങ്ങാട് ഗ്രാമപഞ്ചായത്തിലെ വാഴോറമല കോളനിയിൽ കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതിനായി 69 ലക്ഷം രൂപ നടപ്പ് സാമ്പത്തിക വർഷം വകയിരുത്തിയിട്ടുണ്ട്. (പനങ്ങാട് ഗ്രാമപഞ്ചായത്ത് - 42 ലക്ഷം രൂപ, ബാലുശ്ശേരി ബ്ളോക്ക് പഞ്ചായത്ത് - 10 ലക്ഷം രൂപ, ജില്ലാ പഞ്ചായത്ത് - 17 ലക്ഷം രൂപ). കേരള വാട്ടർ അതോറിറ്റി മുഖേന നടപ്പിലാക്കുന്ന പ്രസ്തുത പദ്ധതിയ്ക്ക് സാങ്കേതിക അനുമതി ലഭിച്ചിട്ടുണ്ട്.<br>കോട്ടൂർ ഗ്രാമപഞ്ചായത്തിലെ വാഴോറമല 'സി' കോളനിയിൽ നിലവിലുള്ള കുടിവെള്ള പദ്ധതിയിൽ നിന്നും ഗാർഹിക കണക്ഷൻ നല്കുന്നതിന് ഗ്രാമപഞ്ചായത്ത് നടപ്പ് വർഷം തുക വകയിരുത്തിയിട്ടുണ്ട്.<br>കോട്ടൂർ ഗ്രാമപഞ്ചായത്തിലെ വാഴോറമല 'എ', 'ബി' കോളനികളിലേക്കായി കോഴിക്കോട് ജില്ലാ പഞ്ചായത്ത് കുടിവെള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. പദ്ധതിക്കായി കോഴിക്കോട് എം. പി. ശ്രീ എം . കെ രാഘവന്റെ പ്രത്യേക വികസന ഫണ്ടിൽ നിന്നും 5 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട് |

സെക്ഷൻ ഓഫീസർ.